മുത്തലാഖ്: കർശന വ്യവസ്ഥകൾ; വെല്ലുവിളി സോണിയയ്ക്കും മറ്റും

Wednesday 19 September 2018 1:35 pm IST

janmabhumidaily.com

സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരം കേന്ദ്ര സർക്കാർ കൊണ്ടുവന്ന മുത്തലാഖ് ദുർവിനിയോഗം തടയൽ നിയമം പാർലമെന്റിൽ അവതരിപ്പിച്ചതാണ്. ലോക്സഭയിൽ പാസാക്കാൻ സഹായിച്ച കോൺഗ്രസ് അവർക്ക് മേൽക്കൈ ഉള്ള രാജ്യസഭയിൽ തടസപ്പെടുത്തി. ഇതിനെ തുടർന്നാണ് ഓർഡിനൻസ് വേണ്ടിവന്നത്.

ന്യൂദൽഹി: കേന്ദ്ര സർക്കാരിന്റെ മുത്തലാഖ് ഓർഡിനൻസ് ദുർവിനിയോഗം തടയാനുള്ള കർശന വ്യവസ്ഥകളോടെ. ഓർഡിനൻസ് കോൺഗ്രസ് നേതാവ് സോണിയ, തൃണമൂൽ നേതാവ് മമത, ബിഎസ്പി നേതാവ് മായാവതി എന്നീ നേതാക്കൾക്ക് വൻ വെല്ലുവിളിയാകുന്നു. ഓർഡിനൻസ് വിശദീകരിച്ച് കേന്ദ്ര മന്ത്രി രവിശങ്കർ പ്രസാദ്, ഇക്കാര്യത്തിൽ സോണിയയും മറ്റു മഹിളാ നേതാക്കളും മൗനം വെടിയണമെന്ന് ആവശ്യപ്പെട്ടു.

സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരം കേന്ദ്ര സർക്കാർ കൊണ്ടുവന്ന മുത്തലാഖ് ദുർവിനിയോഗം തടയൽ നിയമം പാർലമെന്റിൽ അവതരിപ്പിച്ചതാണ്. ലോക്സഭയിൽ പാസാക്കാൻ സഹായിച്ച കോൺഗ്രസ് അവർക്ക് മേൽക്കൈ ഉള്ള രാജ്യസഭയിൽ തടസപ്പെടുത്തി. ഇതിനെ തുടർന്നാണ് ഓർഡിനൻസ് വേണ്ടിവന്നത്.

ഓർഡിനൻസിൽ കഠിന ശിക്ഷാ വ്യവസ്ഥയാണ്. ഒപ്പം ദുരുപയോഗം തടയാൻ കർശന വ്യവസ്ഥകളും. മൂന്നുവർഷം വരെ മുത്തലാഖ് കുറ്റം തെളിഞ്ഞാൽ പ്രതി അനുഭവിക്കേണ്ടിവരും. പുറമേ പിഴ ശിക്ഷയും.

എന്നാൽ നിയമത്തിന്റെ ദുരുപയോഗം തടയാൻ കർശന വ്യവസ്ഥകളും ബില്ലിലുണ്ട്. ഭാര്യയോ രക്തബന്ധമുള്ളവരോ നൽകുന്ന പരാതിയിൽ എഫ്ഐആർ എടുക്കുമ്പോഴേ കേസാകുന്നുള്ളു. അയൽക്കാരോ നാട്ടുകാരോ മാധ്യമങ്ങളോ വെളിപ്പെടുത്തിയാൻ ഭർതാവിനെ അറസ്റ്റു ചെയ്യാനോ കേസെടുക്കാനോ കഴിയുന്നല്ല.

കേസ് ഒഴിവാക്കാൻ നിയമനടപടികൾ പ്രകാരം ഭാര്യയുടെ രേഖാമൂലം ആവശ്യം ഉണ്ടാകണം. പ്രതിക്ക് ജാമ്യം നൽകും മുമ്പ് കോടതി ഭാര്യയുടെ നിലപാടും മൊഴിയും കേൾക്കണം. കൊച്ചു കുട്ടികളുടെ സംരക്ഷണം അമ്മയ്ക്കായിരിക്കും. ഭാര്യക്ക് ജീവനാംശം നൽകാൻ ഭർത്താവ് ബാധ്യസ്ഥനാണ്. അത് ബന്ധപ്പെട്ട കോടതിയുടെ വിധിപ്രകാരം ആയിരിക്കും, രവിശങ്കർ പ്രസാദ് വിശദീകരിച്ചു.

നിയമത്തിന്റെയും ഓർഡിനൻസിന്റെയും പിന്നിലെ രാഷ്ട്രീയ സംഭവങ്ങൾ മന്ത്രി വിശദീകരിച്ചു. "സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരം കേന്ദ്ര സർക്കാർ മുത്തലാഖ് നിയമവിരുദ്ധമാക്കുന്നതിന് നിയമമുണ്ടാക്കാൻ ബിൽ അവതരിപ്പിച്ചു. ലോക്സഭയിൽ കോൺഗ്രസ് ഏറെക്കുറേ സമ്മതിച്ചു. രാജ്യസഭയിൽ എതിർത്തു. ഇക്കാര്യത്തിൽ കോൺഗ്രസ് സഹായം തേടി, പ്രധാനമന്ത്രിയുടെ നിർദ്ദേശ പ്രകാരം മന്ത്രി അനന്ത്കുമാറും ഞാനും കോൺഗ്രസ് അധ്യക്ഷൻ ഗുലാം നബി ആസാദിനെ ആറു തവണ കണ്ട് ചർച്ച നടത്തി. ആറുതവണയും തീരുമാനമെടുക്കാതെ നീട്ടിക്കൊണ്ടു പോകുകയായിരുന്നു.

ഈ ബിൽ മുസ്ലിം മഹിളകളുടെ ക്ഷേമത്തിനാണ്. മുത്തലാഖ് ഒരു തരത്തിലും ഇസ്ലാമിക വിശ്വാസമോ, ആരാധനയോ, മതമോ ആയി ബന്ധപ്പെട്ടതല്ല. ഇത് സ്ത്രീകളുടെ സാമൂഹ്യ നീതി, മഹിമ, ലിംഗതുല്യത എന്നിവയുടെ പ്രശ്നമാണ്. ഈ വിഷയത്തിൽ, കോൺഗ്രസ് പാർട്ടിയുടെ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്ന, മഹിളകൂടിയായ സോണിയാ ഗാന്ധി നിലപാട് വ്യക്തമാക്കണം. മൗനം വെടിയണം. മമതാ ബാനർജിയും മായാവതിയും നിലപാട് പറയണം," രവിശങ്കർ പ്രസാദ് പറഞ്ഞു.